അണ്ടർ വാല്യുവേഷൻ നടപടികൾ തീർപ്പാക്കുന്നതിനായി സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. ഇതിന്റെ കാലാവധി 31-3-2014-ൽ അവസാനിച്ചതിനെത്തുടർന്ന് കുടിശ്ശിക പിരിച്ചെടുക്കാനായി കക്ഷികൾക്ക് നോട്ടീസ് നൽകി തുക ഈടാക്കി വരുന്നു. തുക ഒടുക്കാൻ തയ്യാറാകാത്ത കക്ഷികളിൽനിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തുക ഈടാക്കാൻ ജില്ലാ രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മോട്ടോർ വാഹന നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ ആഴ്ചയിൽ ഒരു ദിവസം ടാക്സേഷൻ ജോലികൾക്കു മാത്രമായി വേർതിരിച്ച് ഡിമാന്റ് നോട്ടീസുകൾ അയയ്ക്കുക, റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) അബ്കാരി കുടിശ്ശികയിനത്തിൽ സ്റ്റേ അനുവദിച്ചിട്ടുണ്ട്. 8,24,20,453 രൂപയ്ക്ക് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ അനുവദിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ, ഗതാഗതം എന്നീ വകുപ്പുകളുമായിബന്ധപ്പെട്ടുള്ള നികുതി കുടിശ്ശികയ്ക്ക് സ്റ്റേ നൽകിയിട്ടില്ല. മറ്റ് ഇനങ്ങളിൽ അനുവദിച്ച സ്റ്റേ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

സംയോജിത ചെക്ക്പോസ്റ്റ്

106 (4688) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രധാന ചെക്ക്പോസ്റ്റുകളിൽ ഉൾപ്പെടെ ചരക്കുലോറിക്കാർക്കും ചരക്കുമായി വരുന്ന മറ്റ് വാഹനങ്ങൾക്കും ദീർഘനേരം പരിശോധനകൾക്കായി കാത്തുകിടക്കേണ്ടിവരുന്നതുമൂലം ചരക്കുനീക്കം സുഗമമല്ലാത്ത സാഹചര്യം നിലവിലുണ്ടോ ;

(ബി) ഈ പ്രശ്നങ്ങൾ ഉന്നയിച്ച് അടിക്കടി ലോറി സമരങ്ങൾ ഉണ്ടാകുകയും ഇത് സംസ്ഥാനത്തിന്റെ അവശ്യസാധന വിപണിയെ ബാധിക്കുകയും ചെയ്യുന്നുണ്ടെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഈ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം ഇടപെടലുകൾ നടത്താറുണ്ട് ;

(സി) ചെക്ക്പോസ്റ്റുകൾ വഴിയുള്ള ചരക്കുഗതാഗതം സുഗമമാക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ പരിശോധനകൾക്കായി കൂടുതൽ ജീവനക്കാരെ നിയോഗിച്ചും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും ഈ പ്രശ്നത്തിന് ശാശ്വതപരിഹാരമുണ്ടാക്കുന്നതിന് തയ്യാറാകുമോ ;

(ഡി) സംയോജിത ചെക്ക്പോസ്റ്റ് എന്ന ആശയം പ്രാവർത്തികമാക്കുന്നകാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള വാറ്റ് നിയമം അനുശാസിക്കുന്ന പ്രകാരം ആവശ്യമായ എല്ലാ രേഖകളുമായി എത്തുന്ന ചരക്ക് വാഹനങ്ങൾക്ക് നിലവിൽ പരിശോധനകൾക്കായി കാത്തുകിടക്കേണ്ട സാഹചര്യം ഇല്ല.

(ബി) ചില ഒറ്റപ്പെട്ട സമരങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ അവശ്യസാധന വിപണിയെ ഈ സമരങ്ങൾ ബാധിച്ചിട്ടില്ല. ഒറ്റപ്പെട്ട സമരങ്ങൾ ഒഴിവാക്കുന്നതിലേക്ക് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ധനകാര്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചർച്ചകൾ നടത്തി ലോറിക്കാർ ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്.

(സി) ചെക്ക്പോസ്റ്റുകൾവഴി പരിശോധനകൾ നടത്തി ചരക്ക വാഹനങ്ങളുടെ ഗതാഗതം സുഗമമാക്കുന്നതിലേക്ക് നിലവിലുള്ള ജീവനക്കാരെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തിയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും പരിഹാരമുണ്ടാക്കിയിട്ടുണ്ട്. കൂടാതെ പരിശോധന കാര്യക്ഷമമാക്കുന്നതിനും ചരക്കുഗതാഗതം സുഗമമാക്കുന്നതിനും സംയോജിത ചെക്ക്പോസ്റ്റ് സമ്പ്രദായം നടപ്പിലാക്കി വരുന്നു.

(ഡി) തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ സംയോജിത ചെക്ക്പോസ്റ്റ് പ്രവർത്തിക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ വാളയാർ ചെക്ക്പോസ്റ്റിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. കൂടാതെ മുത്തങ്ങ, ബംഗ്ലമഞ്ചേശ്വരം, ആര്യങ്കാവ്, വഴിക്കടവ് എന്നീ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളെ സംയോജിത ചെക്ക് പോസ്റ്റുകളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രവൃത്തികളുടെ ഇ-ടെൻഡർ വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി

107 (4689) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ഇ-ടെൻഡർ ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നത് കാരണം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എം.എൽ.എ-എസ്.ഡി.എഫ്. മാതൃകയിൽ ആസ്തി വികസന പദ്ധതിക്കും പ്രത്യേക നിധി രൂപീകരിച്ച് ഇ-ടെൻഡർ വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഇക്കാര്യം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ടി വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly